**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4061** **27-10-2021 - ൽ മറുപടിയ്ക്ക്**

**സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനും ഓൺലൈൻ ആയി തന്നെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാമോ; ഇതു സംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകൾക്കു ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനും ഓൺലൈൻ ആയി തന്നെ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം ഇതിനോടകം തന്നെ ലഭ്യമാക്കിയിട്ടുണ്ട്.കേരളത്തിലെ 309 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ മുഖേന പ്രസ്തുത സംവിധാനം ലഭ്യമാണ് . ഐ.എൽ.ജി.എം.എസ് നടപ്പിലാക്കാത്ത632 ഗ്രാമ പഞ്ചായത്തുകളിൽ 2021 സെപ്റ്റംബർ ഒന്നാം തീയതി മുതലും ,എല്ലാ മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും 2021 ഒക്ടോബർ ഒന്നാം തീയതി മുതലും മേൽ സേവനങ്ങൾ സിറ്റിസൺ സർവീസ് പോർട്ടൽ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന 213 സേവനങ്ങൾക്കു ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനും തുക ഒടുക്കുന്നതിനും സിറ്റിസൺ സർവീസ് പോർട്ടൽ, ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ എന്നിവ മുഖേനയും പൊതുജനങ്ങൾക്ക് സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ മേഖലയിൽ ബിൽഡിംഗ് പെർമിറ്റുകൾ ലഭ്യമാക്കുന്നതിനായി ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (ഐ.ബി.പി.എം.എസ്) എന്ന പുതിയ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് കുറ്റമറ്റ രീതിയിൽ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നുണ്ട്. വസ്തു നികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ നികുതി ഓൺലൈനാക്കുന്നതിനും അമൃതിന്റെ "റിഫോം ഇൻസന്റീവ്" പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനും ഐ.ഐ.ഐ. |

| | | | |
|---|---|---|---|
| | | | ടി.എം-കെ എന്ന സ്ഥാപനം മുഖേന സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ